**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭ ചോദ്യം നമ്പർ : 156**

**13.06.2019 ൽ**
**മറുപടിക്ക്**

## ജനസൗഹൃദ പോലീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. സി. കൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ; ഈ മികവ് നിലനിർത്തുന്നതിനായി ജനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ പോലീസ് സംവിധാനം ശാക്തീകരിക്കാൻ നടത്തി വരുന്ന പ്രവർത്തനം അറിയിക്കാമോ; | എ) ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം സംസ്ഥാനത്ത് ക്രൈം കേസുകളുടെ (IPC കേസുകൾ, SLL കേസുകൾ) എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്.<br>ജനങ്ങളുടെ പങ്കാളിത്തത്തോടു കൂടി സ്കൂൾ, കോളേജ്, റെസിഡന്റ്സ് ഏര്യകൾ എന്നിവിടങ്ങളിൽ കുറ്റകൃത്യങ്ങളെക്കുറിച്ചും അത് തടയുന്നതിനെ സംബന്ധിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. മറ്റു സംസ്ഥാനത്തു നിന്നും കടന്നുവന്ന് കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർ, അപരിചിതർ എന്നിവരുടെ വിവരങ്ങൾ ശേഖരിക്കാനും, മയക്കുമരുന്ന്, മദ്യം എന്നിവയുടെ ലഭ്യതയുള്ള ഉറവിടം കണ്ടെത്താനും ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ലോകത്തിലെ ഏറ്റവും അധികം പേർ പിന്തുടരുന്നതും ജനങ്ങളുടെ ഏറ്റവും നല്ല പങ്കാളിത്തമുള്ളതുമായ Police Facebook Page ആയി കേരളാ പോലീസിന്റെ ഔദ്യോഗിക Facebook പേജ് മാറിയിട്ടുണ്ട്. ഈ പേജ് മുഖേന വിവിധ |

വിഷയങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകുവാൻ സാധിക്കുന്നു. പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടൽ (THUNA) സംവിധാനം വഴി പൊതുജനങ്ങൾക്ക് ഓൺലൈനായും പരാതി നൽകുവാനുള്ള സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ 6 പോലീസ് സ്റ്റേഷനുകളെ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുണ്ട്. 54 പോലീസ് സ്റ്റേഷനുകളെയും കൂടി ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി ഉയർത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

ബി) പോലീസിന്റെ ഭാഗത്തുനിന്നും ഒറ്റപ്പെട്ടുണ്ടാകുന്ന ദുഷ്ചെയ്തികൾ കർശനമായി തടഞ്ഞുകൊണ്ട് സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് അഭിമാനക്ഷതമുണ്ടാകാതെ പോലീസിന്റെ സേവനം തേടാവുന്ന തരത്തിൽ പോലീസിന്റെ ഇടപെടൽ ജനസൗഹൃദമാക്കിത്തീർക്കാൻ പരിശീലനഘടനയിൽ വേണ്ട രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

ബി) ഉണ്ട്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് അവരുടെ അഭിമാനത്തിന് ക്ഷതമേൽക്കാതെ പോലീസിന്റെ സേവനം തേടാനും ലഭ്യമാക്കുവാനും ആവശ്യമായ നടപടികളും പരിശീലന പരിപാടികളും പോലീസ് സേനയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ പാഠഭാഗങ്ങൾ പോലീസ് സബ് ഇൻസ്പെക്ടർമാരുടെയും പോലീസ് കോൺസ്റ്റബിൾമാരുടെയും അടിസ്ഥാന പരിശീലനത്തിനുള്ള സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരിശീലനത്തിൽ കാലാനുസൃതമായി മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമേ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പാക്കിയ Cyber Crime Prevention Against Women and Children (CCPWC) എന്ന പദ്ധതിയുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നു.

പോലീസിന്റെ ഭാഗത്തുനിന്നുമുള്ള മോശം പ്രവണതകൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ Behavioural Training പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി

വരുന്നുണ്ട്.

മികച്ച പോലീസ് സേവനം ഓരോ പൗരന്റേയും അവകാശമാണെന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസുകളും, മികച്ച പോലീസ് സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളും നൽകി വരുന്നുണ്ട്.

| | |
|---|---|
| സി) സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവയുടെ മെച്ചമെന്തെന്ന് അറിയിക്കാമോ? | സി) ഉണ്ട്. പോലീസിനെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 100 പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിന് 2018-19 സാമ്പത്തിക വർഷം 500 ലക്ഷം രൂപയും, 50 പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റാന്റേർഡ് ആക്കി മാറ്റുന്നതിന് 2019-20 സാമ്പത്തിക വർഷം 500 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.<br><br>വിവര വിനിമയ സാങ്കേതികവിദ്യ പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ട് മികച്ച കേസന്വേഷണവും ക്രമസമാധാനപാലനവും പഴക്കം ചെന്ന പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പുതുക്കി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ മികച്ച സേവനം സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ മുഖേന കൈവരിക്കാൻ സാധിക്കുന്നതാണ്. |